## പതിനാലാം കേരള നിയമസഭ
## ബുള്ളറ്റിൻ - ഭാഗം 2

## 2018 ആഗസ്റ്റ് 30

**നമ്പർ : 529**

**<u>സബ്ജക്ട് കമ്മിറ്റി - ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട കുറിപ്പുകൾ സംബന്ധിച്ച് സ്പീക്കറുടെ നിർദ്ദേശം.</u>**

ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട കുറിപ്പുകൾ സംബന്ധിച്ച് കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 അനുസരിച്ച് ബഹു. സ്പീക്കർ പുറപ്പെടുവിച്ച നിർദ്ദേശം അംഗങ്ങളുടെ അറിവിലേയ്ക്കായി ചുവടെ കൊടുക്കുന്നു.

"ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചട്ടം 236 പ്രകാരമുള്ള സൂക്ഷ്മപരിശോധനയ്ക്കായി അതത്ു സർക്കാർ വകുപ്പുകൾ ഓരോ സബ്ജക്ട് കമ്മിറ്റിക്കും വിശദമായ കുറിപ്പുകൾ ലഭ്യമാക്കേണ്ടതുണ്ട്. ധനാഭ്യർത്ഥന സംബന്ധിച്ച സൂക്ഷ്മപരിശോധന പൂർത്തിയാക്കുകയും അതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു കഴിഞ്ഞാലുടൻ തന്നെ അപ്രകാരം ഓരോ സമിതിക്കും, സബ്ജക്ട് കമ്മിറ്റികൾക്കായുള്ള ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ലഭ്യമായ മേൽപറഞ്ഞ കുറിപ്പുകളുടെ ഓരോ പ്രതി അംഗങ്ങളുടെ തുടർ റഫറൻസിനായി നിയമസഭാ ലൈബ്രറിയിൽ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്."

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.